# കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)

**രജി.നമ്പർ 01-14/87 – അഫി : നമ്പർ 10485**
**വി.പി മരയ്ക്കാർ സ്മാരകമന്ദിരം, അംബുജവിലാസം റോഡ്**
**തിരുവനന്തപുരം -1**

| പ്രസിഡന്റ് | ജനറൽ സെക്രട്ടറി |
|---|---|
| കെ.പി.ധനപാലൻ Ex.MP | സിബിക്കുട്ടി ഫ്രാൻസിസ് |

തിരുവനന്തപുരം
20.09.2015

നമ്പർ. 7/2015

**<u>സർക്കുലർ</u>**

സുഹൃത്തേ,

സ്റ്റേറ്റ് കൗൺസിൽ 9.9.2015 ബുധനാഴ്ച എറണാകുളം അദ്ധ്യാപക ഭവനിൽ പ്രസിഡന്റ് കെ.പി.ധനപാലന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ട്രഷറർ വി.ഗോപകുമാർ സ്വാഗതം പറഞ്ഞു. ജനറൽ സെക്രട്ടറി റിപ്പോർട്ടും മിനിറ്റ്സും അവതരിപ്പിച്ചു. മെമ്പർഷിപ്പ് രജിസ്റ്റർ പൂർത്തിയാക്കിയത് സംഘടനാപരമായ നേട്ടമാണെന്നും ഇനിയും ഫോട്ടോ ഉൾപ്പടെയുള്ള ഫോം നൽകാനുള്ളവർ അത് ഉടൻ നൽകണമെന്നും പ്രസിഡന്റ് ആവശ്യപ്പെട്ടു. റഫറണ്ടത്തിൽ മത്സരിക്കാനുള്ള അനുവാദം ലേബർ കമ്മീഷണർ നമുക്ക് നൽകി. നമുക്കുള്ള അനുകൂല അന്തരീക്ഷം പ്രയോജനപ്പെടുത്തണം. ലൈൻമാൻ സീറ്റ് തിരികെ കിട്ടിയത് സംഘടനാപരമായ നേട്ടമാണെന്ന് കൗൺസിൽ അംഗങ്ങൾ വിലയിരുത്തി. സംസ്ഥാന കമ്മിറ്റി ഓഫീസിൽ റഫറണ്ടം വർക്കിന്വേണ്ടി ഒരു കമ്പ്യൂട്ടർ കൂടി വാങ്ങാൻ കൗൺസിൽ തീരുമാനിച്ചു. 2015 മാർച്ച് മാസം വരെയുള്ള വരവ് - ചെലവ് കണക്കുകൾ 1551399/- രൂപ ബാലൻസ് കണക്ക് ട്രഷറർ അവതരിപ്പിച്ചു. റിട്ടയർ ചെയ്തവർ യൂണിയൻ ഭാരവാഹിത്വത്തിൽ തുടരരുതെന്നാണ് തന്റെ അഭിപ്രായമെന്നും ആയതിനാൽ നിലവിൽ ജില്ലയിലുള്ള സ്ഥാനവും എക്സ് ഒഫിഷ്യോ സ്ഥാനവും രാജി വയ്ക്കുന്നുവെന്ന് CPP നമ്പ്യാർ അറിയിച്ചു. എന്നാൽ റഫറണ്ടം വരെ തുടരണമെന്നുള്ള കൗൺസിലിന്റെ അഭ്യർത്ഥനമാനിച്ച് രാജി തീരുമാനം റഫറണ്ടം വരെ മാറ്റിവച്ചു. യൂണിയൻ വിരുദ്ധ പ്രവർത്തനം വീണ്ടും നടത്തി സംഘടനയ്ക്ക് റഫറണ്ടത്തിൽ മത്സരിക്കാനുള്ള പ്രാതിധിധ്യം ഇല്ലാതാക്കാൻ ഹൈക്കോടതിയിൽ കേസ് കൊടുത്ത സംസ്ഥാന ഭാരവാഹിയെ സംഘടനയിൽ നിന്നും പുറത്താക്കണമെന്ന് കൗൺസിൽ അംഗങ്ങൾ ഒന്നടങ്കം ആവശ്യപ്പെട്ടു. കോടതിയിൽ കേസുള്ളതിനാൽ അതിന്റെ തീരുമാനം അനുസരിച്ച് മതിയെന്നും തൽക്കാലം ഭാരവാഹിത്വത്തിൽ നിന്നും മാറ്റി നിർത്തിയാൽ മതിയെന്നുമുള്ള ജനറൽ സെക്രട്ടറിയുടെ നിർദ്ദേശം യോഗം ഐകകണ്ഠേന അംഗീകരിച്ചു. കൗൺസിലിൽ 156 അംഗങ്ങൾ പങ്കെടുത്തു. യോഗത്തിന് സി.വി.രാധാകൃഷ്ണൻ കൃതജ്ഞത രേഖപ്പെടുത്തി. കൃത്യം 3 മണിക്ക് യോഗം അവസാനിച്ചു.

**<u>സ്റ്റേറ്റ് കൗൺസിൽ</u>**

KEEC യുടെ പ്രത്യേക സ്റ്റേറ്റ് കൗൺസിൽ 27.9.2015 ഞായറാഴ്ച കൃത്യം 10.30 ന് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്തുള്ള യൂണിയൻ ഓഫീസിൽ ചേരുന്നതാണ്. റഫറണ്ടം സംബന്ധിച്ച പ്രധാന വിഷയങ്ങൾ ചർച്ച ചെയ്യേണ്ടതിനാൽ താങ്കൾ നിർബന്ധമായും പങ്കെടുക്കണം

**<u>എം.എസ്.റാവുത്തർ അനുസ്മരണം</u>**

27.9.2015 ഞായറാഴ്ച കൃത്യം 3.30 ന് തിരുവനന്തപുരം ബാങ്ക് എംപ്ലോയീസ് യൂണിയൻ ഹാളിൽ (പുളിമൂട് ജംഗ്ഷൻ) നടക്കുന്ന അനുസ്മരണ യോഗം ബഹു.കെ.പി.സി.സി പ്രസിഡന്റ് വി.എം.സുധീരൻ ഉദ്ഘാടനം ചെയ്യും. KEEC യുടെ "എം.എസ്.റാവുത്തർ മെമ്മോറിയൽ ബ്ലഡ് ഡോണേഷൻ ഫോറം" ന്റെ ഉദ്ഘാടനം ബഹു.ആരോഗ്യവകുപ്പ് മന്ത്രി വി.എസ്.ശിവകുമാർ നിർവഹിക്കും. കോൺഗ്രസ്സിലേയും INTUC യിലേയും പ്രമുഖ നേതാക്കൾ അനുസ്മരണ യോഗത്തിൽ പങ്കെടുക്കും. അനുസ്മരണ സമ്മേളനം Live webcast ചെയ്യുന്നതാണ്. നമ്മുടെ Website ൽ www.intuckeec.com ൽ Live പ്രക്ഷേപണം കൃത്യം 4 മണിമുതൽ ഉണ്ടായിരിക്കും.

ഈ വിവരം എല്ലാ അംഗങ്ങളേയും അറിയിക്കണം. 27 -ാം തീയതി എല്ലാ സെക്ഷൻ ഓഫീസുകളിലും എം.എസ്.റാവുത്തരുടെ ഫോട്ടോയും Flex Board ഉം വയ്ക്കണം. ഫോട്ടോയും Flex Board ന്റെയും ഫോർമാറ്റ് യൂണിയൻ വെബ് സൈറ്റിലെ Photo Gallery ൽ ഉണ്ട്. മുൻവർഷത്തേപ്പോലെ രക്തദാനം, സൗജന്യ വൈദ്യുതി കണക്ഷൻ, തുടങ്ങിയ സാമൂഹിക പ്രവർത്തനങ്ങൾ ജില്ലാ തലത്തിലോ ഡിവിഷൻ തലത്തിലോ നടത്തണം.

**റഫറണ്ടം**

റഫറണ്ടം നടത്തുന്നതിലേക്കായി റിട്ടേണിംഗ് ഓഫീസറെ നിയമിച്ചുകൊണ്ടുള്ള ലേബർ കമ്മീഷണറുടെ ഉത്തരവ് പുറത്തിറങ്ങി. മേൽ ഉത്തരവ് സൈറ്റിൽ Ordrs/Other orders ൽ പബ്ലിഷ് ചെയ്തിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം റിട്ടേണിംഗ് ഓഫീസർ ചാർജെടുത്തു. ലേബർ കമ്മീഷണറുടെ ഉത്തരവിലുള്ള 8 യൂണിയനുകളെ 19.9.2015 ശനിയാഴ്ച എറണാകുളത്ത് ചർച്ചയ്ക്ക് ക്ഷണിച്ചു.

ജനറൽ ട്രാൻസ്ഫറിന്റെ അനോമലികൾ പൂർത്തിയായി. ആയതിനാൽ ഇനിയുള്ള ഒരുമാസക്കാലം എല്ലാവരും റഫറണ്ടത്തിനുവേണ്ടി പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**റിട്ടേണിംഗ് ഓഫീസർ വിളിച്ചുചേർത്ത ചേർത്ത യോഗത്തിൽ നടന്ന ചർച്ചയിലെ തീരുമാനങ്ങൾ**

**19.9.2015** ശനിയാഴ്ച 11 AM ന് ജോയിന്റ് ലേബർ കമ്മീഷണർ ശ്രീ.ജോയി റഫറണ്ടം വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി വിളിച്ചു ചേർത്ത മീറ്റിംഗ് നടന്നു. മീറ്റിംഗിലെ തീരുമാനപ്രകാരം താഴെപ്പറയുന്ന വിധത്തിലായിരിക്കും റഫറണ്ടത്തിന്റെ ഔദ്യോഗിക പ്രവർത്തനങ്ങൾ.

| | |
|---|---|
| നോട്ടിഫിക്കേഷൻ | : 28.9.2015 (നോട്ടിഫിക്കേഷന് മുമ്പ് എല്ലാ ട്രാൻസ്ഫറുകളും പൂർത്തിയാക്കി എല്ലാവരും ജോയിൻ ചെയ്തിരിക്കണം) |
| വോട്ടവകാശം ഉള്ളവർ | : നോട്ടിഫിക്കേഷൻ ദിവസം 120 ദിവസം സർവ്വീസ് പൂർത്തിയാക്കിയവർ |
| ഡ്രാഫ്റ്റ് വോട്ടേഴ്സ് ലിസ്റ്റ് | : 3.10.2015 |

8.10.2015 4 PM വരെ വോട്ടേഴ്സ് ലിസ്റ്റിനെ സംബന്ധിച്ച പരാതികൾ ARU ഓഫീസർ സർട്ടിഫൈ ചെയ്ത് എറണാകുളത്തുള്ള റിട്ടേണിംഗ് ഓഫീസർക്ക് നേരിട്ടോ, യൂണിയൻ വഴിയോ നൽകാവുന്നതാണ്.

| | |
|---|---|
| തെറ്റുകൾ ഒഴിവാക്കിയ ഫൈനൽ വോട്ടേഴ്സ് ലിസ്റ്റ് | : 9.10.2015 5 PM |
| നോമിനേഷൻ (Attested copy of Registration Certificate വേണം) | : 12.10.2015 (10 AM to 2 PM) |
| നോമിനേഷൻ പിൻവലിക്കൽ | : 12.10.2015 (4.30 PM to 5 PM) |
| നമ്പർ ക്രമം | : സംഘടനകൾ രജിസ്റ്റർ ചെയ്ത വർഷത്തിന്റെ സീനിയോറിറ്റി അനുസരിച്ച് |
| പങ്കെടുക്കുന്ന യൂണിയനുകളുടെ ഫൈനൽ ലിസ്റ്റ് (ഈ ലിസ്റ്റ് എല്ലാ പോളിങ്ങ് സ്റ്റേഷനിലും പബ്ലിഷ് ചെയ്യും) | : 13.10.2015 (11 AM) |
| ഡ്രാഫ്റ്റ് ബാലറ്റ് | :14.10.2015 |
| ബാലറ്റ് അംഗീകരിക്കൽ | : 15.10.2015 |

| | |
|---|---|
| പോളിംഗ് ദിവസം | : 20.10.2015 (10 AM to 4 PM) |
| പോളിംഗ് ബൂത്തുകൾ | : എല്ലാ ഇല.ഡിവിഷൻ ഓഫീസുകളും , മൂഴിയാർ, മൂലമറ്റം, ശ്രീകണ്ഠപുരം, പട്ടം വൈദ്യുതിഭവൻ (75 എണ്ണം) |

**മറ്റ് വിഷയങ്ങൾ**

| | |
|---|---|
| വോട്ട് എണ്ണുന്ന സമയം | : 21.10.2015 (10 AM to 4 PM) |
| പോളിംഗ് ഏജന്റ് | : ഒരു യൂണിയന് 2, ഒരേ സമയം ഒരാൾമാത്രം |
| കൗണ്ടിങ്ങ് ഏജന്റ് : | : ഒരു യൂണിയന് 2, ഒരേ സമയം ഒരാൾമാത്രം |
| ചീഫ് കൗണ്ടിംഗ് ഏജന്റ് | : ഓരോ ജില്ലയിലും 1 |
| വോട്ടെണ്ണുന്നത് | : ജില്ലാ തലത്തിൽ |
| വോട്ടെണ്ണുന്ന സ്ഥലം | : ജില്ലാ ലേബർ ഓഫീസുകൾ |

District Labour Officer, അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർ ആയിരിക്കും

| | |
|---|---|
| Laison Cum Observer | : ഓരോ ജില്ലയിലും ബോർഡിന്റെ ഓരോ ഓഫീസർ |
| State Level Financial cum Observer | : 1 എണ്ണം (KSEB Officer) |
| Regional Observers | : 3 |
| Presiding Officer | : Labour Department ൽ നിന്നും |
| പോളിംഗ് ഓഫീസർ | : KSEB Staff (വോട്ടില്ലാത്തവർ) ഉം Labour Department ലെ Staff ഉം |

നമ്മൾ റഫറണ്ടത്തെ നേരിടുന്നത് യുണൈറ്റഡ് ഡെമോക്രാറ്റിക് ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫ്രണ്ട് (UDEEF) എന്ന പേരിലാണ്. UDEEF ന്റെ Flex Board Format നമ്മുടെ വെബ്സൈറ്റിലുണ്ട് (Menu:Union News/Notice or Photo Gallery) എല്ലാ ഓഫീസുകളിലും Flex ബോർഡും ബാനറും കെട്ടണം. ഡി.കെ.രവി നയിക്കുന്ന കോൺഫെഡറേഷൻ, കേരളാ പവർ വർക്കേഴ്സ് കോൺഗ്രസ്സ്, കെ.എസ്.ഇ.ബി എംപ്ലോയീസ് ഓർഗനൈസേഷൻ (STU) എന്നിവരാണ് നമ്മോടൊപ്പമുള്ള ഘടകയൂണിയനുകൾ. താങ്കളുടെ ഡിവിഷനിലുള്ള ഘടകയൂണിയൻ അംഗങ്ങളുമായി ബന്ധപ്പെടണം.

1. അനോമലികൾ പൂർത്തിയായതിനുശേഷം വോട്ടേഴ്സ് ലിസ്റ്റ് വന്നാലുടൻ അത് പരിശോധിച്ച് അപാകതകൾ ഉണ്ടെങ്കിൽ യൂണിയൻ സൈറ്റിലൂടെ Contactus/ഫോൺ വഴിയോ അറിയിക്കണം
2. വോട്ടേഴ്സ് ലിസ്റ്റ് പബ്ലിഷ് ചെയ്തതിനുശേഷം മുമ്പ് തന്നിട്ടുള്ള Proforma പൂരിപ്പിച്ച് അയച്ചുതരണം.
3. ഭവനസന്ദർശനം നടത്തുന്നതിനുള്ള ഷെഡ്യൂൾ പൂർത്തിയാക്കി ഭവന സന്ദർശനം നടത്തണം.
4. എല്ലാ ഓഫീസുകളും കൊടിതോരണങ്ങൾ കൊണ്ട് നിറയ്ക്കണം. എല്ലാ ഓഫീസുകളിലും Flex ബോർഡുകൾ വയ്ക്കണം. നോട്ടീസ്, ബാഡ്ജ്, എന്നിവ കേന്ദ്രക്കമ്മിറ്റി ഓഫീസിൽനിന്നും എത്തിക്കുന്നതായിരിക്കും. എല്ലാ ജീവനക്കാരേയും നേരിൽ കാണണം. DCC, മണ്ഡലം ബ്ലോക്ക് തലത്തിലെ പാർട്ടി ഭാരവാഹികൾ നമ്മുടെ ഓഫീസർ സംഘടനകൾ ഉൾപ്പെടെയുള്ളവരുടെ പിന്തുണ അഭ്യർത്ഥിക്കണം.
5. വോട്ടിംഗ് 75 കേന്ദ്രങ്ങളിൽ (ഡിവിഷൻ തലത്തിൽ) വച്ച് നടത്തും.

സ്നേഹാദരങ്ങളോടെ,

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി